**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത | 22.05.2017-ൽ |
| ചോദ്യം നമ്പർ - 4880 | മറുപടിയ്ക്ക് |

**തങ്കളം - കാക്കനാട് റോഡ് പ്രവൃത്തി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ആന്റണി ജോൺ | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) 2016-17, 2017-18 ബഡ്ജറ്റുകളിൽ മതിയായ തുക വകയിരുത്തിയ തങ്കളം - കാക്കനാട് റോഡ് പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (എ) തങ്കളം - കാക്കനാട് റോഡിന്റെ കി.മീ. 26/057 മുതൽ 26/857 വരെയുള്ള ഭാഗത്തെ പണി പൂർത്തീകരിച്ചു. കി.മീ. 25/830 മുതൽ 26/057 വരെയും, 26/857 മുതൽ 27/300 വരെയുള്ള ഭാഗത്ത് ബോക്സ് കൾവെർട്ട് പൂർത്തീകരിച്ചു. ഡ്രെയിനേജ് വർക്കുകൾ നടന്നു കൊണ്ടിരിക്കുന്നു. |
| (ബി) പ്രസ്തുത പ്രവൃത്തിക്കായുള്ള സ്ഥലം ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടിയാണ് നാളിതുവരെ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;<br>(സി) പ്രസ്തുത റോഡിന്റെ നിർമ്മാണം അടിയന്തരമായി ആരംഭിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ? | (ബി) & (സി) കി.മീ. 26/057 മുതൽ 26/027 വരെയുള്ള ഭാഗത്തേയ്ക്ക് 135.68 ലക്ഷം രൂപയും, ബാക്കി ഭാഗത്ത് 125 ലക്ഷം രൂപയ്ക്കുമുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ചു. 337.32 ലക്ഷം രൂപയ്ക്ക് ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു. ചെയിനേജ് 24/600 മുതൽ 26/057 വരെയുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് 30 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ചെയിനേജ് 22/600 മുതൽ 24/600 വരെയുള്ള ഭാഗത്തേയ്ക്ക് സ്ഥലം ഏറ്റെടുക്കുന്നതുമായി സംബന്ധിച്ച 30 കോടി രൂപയുടെ എസ്റ്റിമേറ്റും, വാല്യൂവേഷനും, റിക്വസിഷനും നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ ലഭ്യമായിട്ടുണ്ട്. 2017-18-ലെ ബജറ്റ് സ്പീച്ചിൽ 37 കോടി രൂപ KIIFB മുഖാന്തിരം ഫണ്ട് ലഭ്യമാക്കി ചെയ്യുന്നതിനായി പ്രഖ്യാപിച്ചിട്ടുണ്ട്. KIIFB യുടെ അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ